**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 280** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പാലക്കാട് ജില്ലയിൽ നെല്ല് സംഭരണവില കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പ്രഭാകരൻ ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഇക്കഴിഞ്ഞ രണ്ടാം വിള നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകേണ്ട മുഴുവൻ തുകയും നൽകി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് 2025-26 സീസണിൽ രണ്ടാം വിളയായി 4.8 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച വകയിൽ ആകെ 1452.82 കോടി രൂപ കർഷകർക്ക് നൽകേണ്ടിയിരുന്നതിൽ നാളിതുവരെ (05.10.2026 തീയതി വരെ) 1432.81 കോടി രൂപ കർഷകർക്ക് നൽകിക്കഴിഞ്ഞു. രണ്ടാം വിളയിൽ കുടിശ്ശികയായ 20.01കോടി രൂപ പി.ആർ.എസ് വായ്പയായും നേരിട്ടും കർഷകർക്ക് നൽകി പൂർത്തിയാക്കിയിട്ടുണ്ട്.

**(ബി)** പാലക്കാട് ജില്ലയിൽ എത്ര കൃഷിക്കാർക്കാണ് നെല്ല് സംഭരണത്തിന്റെ തുക വിതരണം ചെയ്യാൻ ബാക്കിയുള്ളത്; ആകെ എത്ര രൂപ വിതരണം ചെയ്യാൻ ബാക്കിയുണ്ട്; വിശദവിവരങ്ങൾ അറിയിക്കാമോ?

**<u>മറുപടി:</u>** പാലക്കാട് ജില്ലയിൽ 2025-26 സീസണിൽ 79,509 കർഷകരിൽ നിന്നും സംഭരിച്ച 633.87 കോടി രൂപയുടെ നെല്ലിൽ, നാളിതുവരെ (05.10.2026 തീയതി വരെ) 620.02 കോടി രൂപ 77,589 കർഷകർക്ക് നൽകി കഴിഞ്ഞു. ജില്ലയിൽ കുടിശ്ശികയായുള്ള തുക 13.85 കോടി രൂപയും വില കൈപ്പറ്റാനുള്ള കർഷകരുടെ എണ്ണം 1920 - ഉം ആണ്.

**സെക്ഷൻ ഓഫീസർ**